"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ്- ജീവനക്കാര്യം- നെയ്യാർ വന്യജീവി സങ്കേതത്തിൽ സൂപ്പർന്യൂമററി തസ്തികയിൽ ഫോറസ്റ്റ് വാച്ചറായി ജോലിചെയ്തുവരുന്ന ശ്രീമതി.ജി.ആർ.ശോഭയെ നെയ്യാറ്റിൻകര സോഷ്യൽ ഫോറസ്ട്രി റേഞ്ചിൽ അറ്റൻഡർ ജോലിക്ക് നിയോഗിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്)വകുപ്പ്**

സ.ഉ.(സാധാ) നം.86/2022/F&WLD തീയതി,തിരുവനന്തപുരം, 08-03-2022.

---

പരാമർശം:- 1. 23.07.2020-ലെ സ.ഉ(കൈ) 15/2020/വനം നമ്പർ ഉത്തരവ്

2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഭരണം ) 02.02.2021-ലെ ഇ6-4471/19 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

അഗസ്ത്യാർകൂട സന്ദർശനത്തിനിടയിൽ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട ജയകുമാറിന്റെ ഭാര്യ ശ്രീമതി. ജി.ആർ. ശോഭയ്ക്ക്, ടിയാളുടെ ജീവിതസാഹചര്യവും, മകളുടെ രോഗാവസ്ഥയും കണക്കിലെടുത്ത് തിരുവനന്തപുരം വന്യജീവി ഡിവിഷനിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് വാച്ചർ തസ്തികയിൽ നിയമനം നൽകികൊണ്ട് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

2. ഗുരുതര ഓട്ടിസം ബാധിച്ച മകളുടെ പ്രായവും, രോഗാവസ്ഥയും കൂടാതെ വൃദ്ധയായ മാതാവിന്റെ ആരോഗ്യസ്ഥിതിയും ശ്രദ്ധിക്കുന്നതിന് നിലവിൽ ജോലി ചെയ്യുന്ന നെയ്യാർ വന്യജീവി സങ്കേതത്തിൽ നിന്നും വീട്ടിലേക്കുള്ള ദൂരവും, യാത്രാസമയവും ഏറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായും, ആയതിനാൽ അപ്രതീക്ഷിതമായ മകളുടെ രോഗാവസ്ഥ മാറ്റത്തിന് സമയബന്ധിതമായി ഇടപെടുന്നതിനും, മാനസിക സംഘർഷമില്ലാതെ ജോലി നിർവ്വഹണം നടത്തുന്നതിനുമായി ടിയാളുടെ സ്ഥിരതാമസസ്ഥലത്ത് നിന്നും എട്ട് കിലോമീറ്റർ മാത്രം ദൂരപരിധിയിലുള്ള നെയ്യാറ്റിൻകര സോഷ്യൽ ഫോറസ്ട്രിയിൽ വാച്ചർ തസ്തികയിൽ നിയമനം നൽകണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ശ്രീമതി. ജി. ആർ. ശോഭ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുൻപാകെ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ശ്രീമതി. ജി. ആർ. ശോഭ നിലവിൽ ജോലിചെയ്തുവരുന്ന തിരുവനന്തപുരം വന്യജീവി ഡിവിഷനിൽ നിന്നും ടിയാളെ മാറ്റുന്നതിന് പകരമായി മറ്റൊരാളെ നിയമിക്കേണ്ട സാഹചര്യം ഇല്ലായെന്നും, എന്നാൽ നെയ്യാറ്റിൻകര സോഷ്യൽ ഫോറസ്ട്രി റേഞ്ചിൽ വിവിധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഭൂരിഭാഗം ജീവനക്കാരും ഫീൽഡ് ജോലിയിലായിരിക്കുന്നതിനാൽ ശ്രീമതി.ജി. ആർ. ശോഭയെ, പ്രസ്തുത ഓഫീസിൽ അറ്റൻഡർ ജോലികൾ നിർവഹിക്കുന്നതിനായി ടിയാൾ ജോലിചെയ്തുവരുന്ന സൂപ്പർന്യൂമററി തസ്തിക സഹിതം നെയ്യാറ്റിൻകര സോഷ്യൽ ഫോറസ്ട്രി റേഞ്ചിൽ നിയമിക്കുന്നത് ഉചിതമായിരിക്കുമെന്നും പരാമർശം 2 കത്ത് പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓട്ടിസം ബാധിച്ച മകളുടെ സംരക്ഷണം കണക്കിലെടുത്തു കൊണ്ട്, നെയ്യാർ വന്യജീവി സങ്കേതത്തിൽ സൂപ്പർന്യൂമററി തസ്തികയിൽ ഫോറസ്റ്റ് വാച്ചറായി ജോലിചെയ്തുവരുന്ന ശ്രീമതി. ജി. ആർ. ശോഭയെ നെയ്യാറ്റിൻകര സോഷ്യൽ ഫോറസ്ട്രി റേഞ്ചിൽ അറ്റൻഡർ ജോലിക്ക് നിയോഗിച്ചു കൊണ്ട് ഉത്തരവാകുന്നു. ആയതിലേക്കായി അറ്റൻഡർ ജോലികൾ വീഴ്ച കൂടാതെ ചെയ്തുകൊള്ളാം എന്ന സത്യവാങ്മൂലം ശ്രീമതി. ജി.ആർ ശോഭയിൽ നിന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) തലത്തിൽ എഴുതി വാങ്ങേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ശ്രീമതി. ജി. ആർ.ശോഭ [അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന].
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (അഗ്രി- എ2/129/2019/ധന തീയതി 3.9.2021).
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്(എ2/8/2022/ഉഭപവ തീയതി 1.2.2022).
വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി., സെക്രട്ടേറിയറ്റ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Noushad S**
**Date: 08-03-2022 11:27:25**
സെക്ഷൻ ഓഫീസർ.